പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ : 5513 01.07.2019 - ൽ മറുപടിക്ക്

## കെയർ കേരളയ്ക്കായി സഹകരണ സംഘങ്ങളുടെ ലാഭവിഹിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ഡി. സതീശൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി) | |
| എ) | സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ഒരു വർഷത്തെ പ്രവർത്തനലാഭത്തിൽ നിന്ന് ഓഹരി ഉടമകളുടെ ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക കെയർ കേരള പദ്ധതിയ്ക്ക് മാറ്റിവയ്ക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ; | എ) | സഹകരണ സംഘങ്ങളുടെയും ബാങ്കുകളുടെയും ഒരു വർഷത്തെ പ്രവർത്തന ലാഭത്തിൽനിന്ന് അംഗങ്ങൾക്ക് ലാഭവിഹിതമായി നീക്കിവയ്ക്കുന്ന തുക പൊതു യോഗത്തിന്റെ അംഗീകാരത്തോടുകൂടി കെയർ ഹോം പദ്ധതിയ്ക്ക് സംഭാവനയായി അനുവദിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) | സഹകരണ സ്ഥാപനങ്ങൾ ഇപ്രകാരം ലാഭവിഹിതമായി കൈമാറിയ തുകയെത്രയാണെന്ന് വെളിപ്പെടുത്താമോ; | ബി) | ലാഭവിഹിതം നിക്ഷേപിക്കുന്നതിനായി സഹ കരണ സംഘം രജിസ്ട്രാറുടെ പേരിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ മെയിൻ ശാഖയിൽ ആരംഭിച്ചിട്ടുള്ള പൂൾ അക്കൗണ്ടിൽ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 22.06.2019 വരെ 36,72,71,714.70/- രൂപ ലഭിച്ചിട്ടുണ്ട്. |
| സി) | കെയർ കേരള പദ്ധതിയ്ക്കായി സഹകരണ മേഖല ഇതിനകം മുടക്കിയ തുകയെത്രയാണെന്ന് അറിയിക്കാമോ? | സി) | കെയർ ഹോം പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ നിർമ്മിക്കുന്ന 2000 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി സഹകരണ വകുപ്പ് അനുവദിച്ച നൽകിയ 80,32,56,582/- രൂപയിൽ നിന്നും 24.06.2019 വരെ 60,21,35,000/- രൂപ വിനിയോഗിച്ച കഴിഞ്ഞു.<br><br>പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 07.09.2018 ലെ സ.ഉ(കൈ) 326/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.<br><br>ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മൊറട്ടോറിയം അനുവദിക്കുന്നതാണ്. പത്താം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. 31.03.2019 വരെയുള്ള കണക്കുകൾ പ്രകാരം 9126 അയൽക്കൂട്ടങ്ങൾ വഴി 94017 അംഗങ്ങൾക്കായി 52256.93 ലക്ഷം രൂപ ടി വായ്പാ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ